# ഓണത്തിനും കമ്പോളത്തിനുമിടയ്ക്ക് എത്ര ദൂരം!

സി. രാജഗോപാൽ

**വി**ഷുപുലർച്ചെ വിതച്ചാൽ ചിങ്ങപ്പുലർച്ചെ വിളവെടുക്കാം. പുന്നെല്ലരി കൊണ്ട് ഓണമുണ്ണാം. മോടൻ നെല്ല് എന്നാണ് നാട്ടുമൊഴി. പറമ്പു കൃഷിയാണ്. വീടിനോടു ചേർന്ന് തട്ടുതട്ടായ നിലം. പൊടി വിതയായി വിതയ്ക്കും. വലിയ ശുശ്രൂഷയൊന്നും വേണ്ട. വേനലിൽ കാഞ്ഞുകിടക്കുന്ന മണ്ണാണ്. പുതലിറങ്ങിയാൽ തൊഴുത്തിലെ കന്നിനെയിറക്കി പൂട്ടിക്കെട്ടി 'രണ്ടു ചാൽ പൂട്ടും. ചാണകപ്പൊടിയും വെണ്ണീറും' കലർത്തി മണ്ണിൽ വിതറും. പിന്നെ വിത്തു വിതയ്ക്കും. ഒരു ചാലുകൂടി മണ്ണിളക്കി വിത്ത് അടിയിലാക്കും. നേർത്ത നനവിൽ വിത്ത് നിരക്കെ മുളച്ച് 'കാർത്തിക കാച്ചിലേറ്റ് അൽപം കരിവാളിച്ച് അങ്ങനെ നിൽക്കും. ഇടവപ്പാതി പെയ്തു കുതിർന്നാൽ ഒരോ മുളയും പൊട്ടിച്ചിനച്ച് പുതിയ നാമ്പുകളിട്ട് കരുത്തുറ്റ നെല്ലായി തഴച്ചു വളരും. കർക്കടകം ഒടുവിൽ കതിരാകും. ചിങ്ങത്തിൽ ചെമ്പഴുക്ക. മഴവില്ലു പാറിവീണതുപോലെ തോന്നും കർഷക ഗ്രാമത്തിലെ ഓണക്കാഴ്ച. വീട്ടു വളപ്പിലെ വിത്തിറക്കലും കൊയ്ത്തും ഉത്സവമാണ്. കുട്ടികൾക്ക് സ്കൂളിൽ പോകാതിരിക്കാം. പണിയിൽ സഹായിക്കാം. പുളയ്ക്കുന്ന കന്നിമണ്ണിന്റെയും മണ്ണിലെത്താൻ തുടിക്കുന്ന വിത്തിന്റെയും ഗന്ധവും സ്പർശവും കുട്ടികൾക്കും അറിയാം.

അത്തത്തിനു മുമ്പാണ് ഓണക്കൊയ്ത്ത്. നെല്ല് പച്ച മാറി മഞ്ഞ പടരുന്നതോടെ പറമ്പിലെ ഓരോതട്ടുനിലവും ഓണത്തിനുടുക്കുന്ന പാവുമുണ്ടിന്റെ കരപോലെ തിളങ്ങും. കതിരു മുറിയാൻ തത്തകൾ ചിലച്ചുകൊണ്ട് കൂട്ടമായി പറന്നെത്തും. അണ്ണാറക്കണ്ണൻ വാലുപൊക്കി ഇലത്താളം കൊട്ടി മാവിൻ ചില്ലയിൽനിന്ന് പാഞ്ഞിറങ്ങും.

കൊയ്തെടുത്ത ആദ്യത്തെ കതിരുകൾ ഒരു കൊച്ചു കറ്റയാക്കും. അത് വീട്ടിലേക്കു കൊണ്ടു പോവുക കുട്ടികളുടെ അവകാശമാണ്. അതിന് കുളിച്ച് കുറി തൊടണം. അലക്കിയ മുണ്ടുടുക്കണം. കളമുറ്റത്തേക്കു കയറുന്നേരം വിളക്കും താലവും കൊണ്ടു വരവേൽക്കും. അന്ന ലക്ഷ്മിയാണ്. അന്ന പൂർണ്ണേശ്വരിയാണ്. കൊയ്ത്താരംഭിക്കുംമുമ്പ് കർക്കിടകത്തിൽ കതിരു കയറ്റിക്കെട്ടുന്നതും ആഘോഷമാണ്. നിറ കതിർകുല തലയിൽ വെച്ചയാൾക്കു മുമ്പേ വിളക്കു കാണിച്ച് ഒരാൾ നടക്കണം. പടി കടന്നാൽ കുട്ടികൾ കുരവയിടണം. "നിറയോ നിറ...... ഇല്ലം നിറ..... വല്ലം നിറ........ പത്തായം നിറ........" പൂമുഖകട്ടിളയിലും പത്തായക്കെട്ടിലും തൊഴുത്തിന്റെ ഉത്തരത്തിലും ചാണക ഉരുളയിൽ കതിരുകൾ പതിച്ചു വെയ്ക്കും. വാൽക്കണ്ണാടികൊണ്ട് വാതിലിലും പത്തായത്തിന്മേലും ചെമ്മണ്ണു തേച്ച ചുമരുകളിലും അരിച്ചുട്ടികളണിയും.

കൃഷിയെന്നാൽ നെല്ലുമാത്രമല്ല. വിഷു കഴിഞ്ഞ് മണ്ണു കുതിരെ പെയ്യുന്ന ആദ്യ മഴയ്ക്ക് വളപ്പു നിറയെ പച്ചക്കറി കൃഷി ചെയ്യും. പാടത്തെ കൃഷിക്കു പച്ചില വളമെടുക്കാനുള്ള പറമ്പിൽ കിളയില്ല. അവിടെ അടിത്തോലും (ഇല) മരത്തോലും കനത്തു കിടക്കും. ബാക്കി സ്ഥലത്തെല്ലാം പയറും വെണ്ടയും മത്തനും കുമ്പളവും ചേനയും ചേമ്പും വഴുതിനയും ചീരയും കോവലും വെള്ളരിയും നാട്ടുവാഴകളും. ചിങ്ങപുലർച്ചെ നെല്ലു വിളയുന്നതോടൊപ്പം കായ്ക്കറിവിളകളൊക്കെയും പൂക്കും. വെണ്ടക്കു, മഞ്ഞ, പയറിനു വയലറ്റ്, കോവലിനു വെള്ള മത്തനും കുമ്പളനും സ്വർണ്ണപൂവ്.

വളപ്പു നിറച്ചും വയലു നിറച്ചും പൂക്കളാണ്. കിള ചെന്നിടത്ത് വിളവിന്റെ പൂക്കൾ, കിള ചെല്ലാത്തിടത്ത് ഭൂമിയുടെ രോമഹർഷം പോലെ താനേ വിരിഞ്ഞു വരുന്ന പൂക്കൾ. പാടവരമ്പിലും കുന്നിൻ ചെരുവിലും തോട്ടുവക്കിലും വെളിംപറമ്പുകളിലും തുമ്പയും മുക്കുറ്റിയും കാശിത്തുമ്പയും കണ്ണാന്തളിയും കൃഷ്ണകിരീടവും കോളാമ്പിയും ശംഖുപുഷ്പവും പൂവിളികേൾക്കാൻ തരിച്ച്......പൂക്കൊട്ടയുമായി വരുന്ന കുട്ടികളെ കാത്തു നിൽക്കും.

വീട്ടുവളപ്പിനു പുറത്ത് പരന്ന പാടമാണ്. പാടത്തിന്റെ അറ്റത്ത് പുഴ. പുഴത്തീരത്ത് കുലച്ചു നിൽക്കുന്ന ഓണവാഴകൾ. പുഴയിൽ തെളിഞ്ഞ ഒഴുക്ക്.

അത്തം മുതൽ മുറ്റത്ത് പൂവിടും. അകത്തും പുറത്തും നാട്ടിലാകെയും ഓണം തുടങ്ങും. പുന്നെല്ലരിയും നേന്ത്രപ്പഴവും പച്ചക്കറികളും ഓണപ്പൂക്കളും ഓണത്തിനൊരുങ്ങി.

ഓണം പൂരാടത്തിനു മുൻപെ അവർ ഓരോരുത്തരായി എത്തും.

മാതേവർക്കു ചൂടാനുള്ള ഓലക്കുടയുമായി ദൂരെ കുന്നിൻ ചെരിവിൽ നിന്നും പാണനാർ. കുട്ടിക്കുടയും തൊപ്പിക്കുടയും കുണ്ടൻകുടയും അങ്ങിനെ പലതരം ഓലക്കുടകളുണ്ടാക്കി ജീവിക്കുന്നവർ. ഉണങ്ങുന്ന കുടപ്പനയോലയുടെ നേർത്ത ഗന്ധമുണ്ട് അവരുടെ ജീവിതത്തിനും. പനമ്പും മുളവട്ടിയും, കൊട്ടയും മുറവും മുതൽ ചന്തത്തിൽ മെടഞ്ഞ പൂക്കൊട്ട വരെ തലയിലേറ്റിയാണ് പാക്കനാരുടെ പിൻമുറക്കാർ വരിക. വട്ടിയും കൊട്ടയും മുറവും പലതരമുണ്ട്. ചട്ടിമുറം, കുണ്ടംമുറം എന്നിങ്ങനെ. നെല്ലു ചേറാനും, കോരാനും ഉണക്കാനും സൂക്ഷിക്കാനുമാണ് ഇതെല്ലാം. ചോറൂറ്റാനുള്ള കൊട്ടക്കയ്യിലുമുണ്ടാകും. ആനക്കൊമ്പിന്റെ നിറവും മുളഞ്ചീന്തിന്റെ ഹൃദ്യമായ ഗന്ധവുമുള്ള നാടിന്റെ സ്വന്തം കരവിരുതുകൾ.

മുളംചീന്തുകൊണ്ടുണ്ടാക്കിയ വലിയ കൊട്ടയിൽ മൺകലവും ചട്ടിയും കുടവും പാനിയുമൊക്കെ ഒതുക്കിവെച്ച് തലയിലേറ്റിയാണ് കുംഭാരന്മാർ വരിക. നെല്ലു പുഴുങ്ങാനും കഞ്ഞിവെക്കാനും കറിവെക്കാനും, കഷായം വെക്കാനും പുളിങ്ങ സൂക്ഷിക്കാനും കന്നിനു കഞ്ഞി നിറച്ചു വെക്കാനും പാകമായ പലതരം കലങ്ങൾ ഒരാണ്ടിലേക്കുള്ളതു വാങ്ങിവെക്കും. കർക്കടകത്തിൽ പൊട്ടിയെക്കളയുന്നേരം പൊട്ടക്കലങ്ങളും പുറത്തുകളയും. മണ്ണോടു ചേരാൻ മടിക്കാത്ത മൺകലങ്ങൾക്കുമുണ്ട് ഹൃദ്യമായ ഒരു ഗന്ധം നന്നെ വിലക്കുറവുമാണ്.

ഗ്രാമത്തിലെ കരുവാൻ വരുന്നത്

കൊയ്ത്തരിവാളുകളും കറിക്കത്തികളും, മാടവാളുകളും മറ്റുമായാണ്.

പലതരം ഓട്ടുപാത്രങ്ങളുമായി കമ്മാളന്മാരും വരും. ചിരട്ടയും മരവും കൊണ്ടുള്ള കയിലും ഉപ്പു മരികയും ആവണിപ്പലകയും മാവേലിയെ വെക്കാനുള്ള മരപ്പീഠവും മറ്റുമായിട്ടാണ് ദേശത്തെ ആശാരി എത്തുക.

വലിയ വരിച്ചപ്പാനികളിൽ നിറയെ എള്ളെണ്ണയും വെളിച്ചെണ്ണയും അളവിനുള്ള മുള നാഴികളുമായാണ് ചക്കാലന്മാർ വരിക. അസ്സൽ കൈതോലപ്പായയും തെങ്ങോലപ്പായയും കൊണ്ടാണ് ഇനിയൊരുക്കൂട്ടർ വരുന്നത്. ഓണക്കോടിക്കുള്ള കസവുവേഷ്ടികളും കൈത്തറിയും കുട്ടികൾക്കുള്ള പാവുമുണ്ടും പട്ടുക്കോണകവും മടക്കി കെട്ടിയ ഭാണ്ഡവുമായിട്ടാണ് നെയ്ത്തുകാരന്റെ വരവ്. വീടു വെള്ളപൂശാനുള്ള കുമ്മായം കൊണ്ടുവരും പെരുംകൊല്ലൻ

ഇങ്ങനെ ഒരാണ്ടിലെ കൃഷിപ്പണിക്കും വീട്ടാവശ്യങ്ങൾക്കും വേണ്ടതെല്ലാം സ്വന്തം ഗ്രാമത്തിലുള്ളവർ ഉണ്ടാക്കി വീടുകളിലെത്തിക്കും. അവർ അത് വിൽക്കുകയല്ല. വീട്ടുകാർ വാങ്ങുകയുമല്ല. കച്ചവടമില്ല. ഉണ്ടാക്കുന്നവനെ ഉപയോഗിക്കുന്നവർക്കും, ഉപയോഗിക്കുന്നവരെ ഉണ്ടാക്കുന്നവർക്കും അടുത്തറിയാം. വിശ്വസിക്കാം. മായമില്ല ചതിയുമില്ല. വിലപേശലില്ല. പണമായും അരിയായും നെല്ലായും കൊടുക്കും പ്രതിഫലം. കൂടാതെ ഓണമാഘോഷിക്കാൻ പഴവും പച്ചക്കറികളും കൊടുക്കും.

ഇത്രയൊക്കെപ്പോരേ ഓണമാഘോഷിക്കുവാൻ?.......

പോരെങ്കിൽ ഓണച്ചന്തയുണ്ട്. പണവും പഴവും പച്ചക്കറിയും മാത്രമല്ല കറുത്ത ചരടും ചാന്തും സിന്ദൂരവും ശീലാവതിയും 'വടക്കൻപാട്ടും' വാങ്ങാൻ കിട്ടുന്ന, കലർപ്പും കപടവുമില്ലാത്ത ഗ്രാമീണ വിനിമയങ്ങളുടെ നാട്ടുചന്തം വഴിയുന്ന ഓണച്ചന്ത.

അടുക്കളയിലെ ഓണവിഭവങ്ങൾക്കും മുറ്റത്തെ ഓണപ്പൂക്കളത്തിനും ഒരേ നിറവും മണവും രുചിയുമാണ് സ്വന്തം നാടിന്റെ ഹൃദയത്തിൽനിന്നും പുറപ്പെടുന്ന നിറവും മണവും രുചിയും.

ഓണമെന്നാൽ ഇതൊക്കെയായിരുന്നു വത്രെ ഒരു കാലത്ത് നമ്മുടെ നാട്ടിൽ. അല്ലെങ്കിൽ ഇതൊക്കെയായാലെ ഓണം വരൂ എന്നുകരുതിയ 'ആർട്ട് ഓഫ് ലിവിങ്ങി' ന്റെ ഒരു കാലമുണ്ടായിരുന്നുവത്രെ!

## ഡോക്യുമെന്ററി സിനിമകൾ

### 'രാം കി നാം' മലയാളത്തിൽ

**'ദൈവത്തിന്റെ നാമത്തിൽ'**

**സംവിധാനം : ആനന്ദ് പട്വർധൻ**

80 മിനിട്ട് ഡോക്യുമെന്ററി. മൊഴിമാറ്റം : പി.രവിവർമ്മ, കെ.എൻ.ഷാജി, സനൽ പോറ്റി, ആൻസി ശരത്

'രാം കി നാം' എന്ന, സമുദായ മൈത്രിക്കുവേണ്ടിയുള്ള ചിത്രം ബാബറി മസ്ജിദ് തകർക്കപ്പെടുന്നതിന് മുമ്പ് 1991 ൽ പൂർത്തിയാക്കിയതാണ്. മികച്ച ഡോക്യുമെന്ററിക്കുള്ള ദേശീയ അവാർഡ് ലഭിച്ചിട്ടും ദൂരദർശനിൽ പ്രദർശിപ്പിക്കാൻ വിസമ്മതിക്കപ്പെട്ട ഈ ചിത്രം മുംബൈ ഹൈക്കോടതിയിലെ നിയമപോരാട്ടത്തെത്തുടർന്ന് 1997ൽ ഒരു രാത്രി 12 മണിക്കുശേഷമാണ് സംപ്രേഷണം ചെയ്തത്. ഈ ചിത്രത്തിന്റെ പ്രദർശനം പലയിടത്തും പോലീസ് തടഞ്ഞിരുന്നു.

**കയ്പ് നീര്** പ്ലാച്ചിമട / (മലയാളം), Bitter Drink (English) കൊക്കകോള സമരം/ 25 മിനിറ്റ്. **കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്. **ബാക്കിപത്രം**: ചാലിയാർ/ മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം: തേഡ് ഐ കമ്യൂണിക്കേഷൻ.

വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും : മാനേജർ, കേരളീയം, തൃശൂർ 21.

---

മാനം നോക്കി പ്രാർത്ഥിച്ച്, സൂര്യനാളമേറ്റ് മണ്ണിലേക്കു കുനിഞ്ഞുനിന്ന് വിത്തു നട്ട് മഴത്തുള്ളിയും വിയർപ്പുതുള്ളിയും ചേർത്തു നനച്ചു മുളപ്പിച്ച് ജീവിതം വിളയിച്ചവരുടെ കാലത്ത് അങ്ങിനെയൊക്കെയായിരുന്നു ഓണം. ഇന്നോ, രാവിലെ ഒരു സഞ്ചിയെടുത്ത് ഇറങ്ങിയാൽ മതി. ക്യൂവിൽ നിന്നും ക്യൂവിലേക്ക്........ വേണമെങ്കിൽ 'മാവേലി' നേരിട്ടു വിൽക്കുന്നിടത്തു നിന്നുതന്നെ വാങ്ങാം. വൈകുന്നേരമാവുമ്പോഴേക്ക് അരിയും പൂവും കാസറ്റും മാവേലിയുമടക്കം നിറഞ്ഞുവീർത്ത സഞ്ചിയുമായി

അല്ല ഓണക്കിറ്റുമായി സ്വന്തം ഫ്ളാറ്റിലേക്കു മടങ്ങാം!

"മക്കളേ......... ഇതാ ഓണം"

ദൈവത്തിന്റെ സ്വന്തം നാട്ടിലെ - ഉടെ ഓണം!

ഇനിയൊരു ചോദ്യം?

"ഓണത്തിനും കമ്പോളത്തിനുമിടയ്ക്ക് എത്ര ദൂരം?"

ശരിയുത്തരമയക്കുന്നവർക്ക് ഒരു പവൻ സ്വർണ്ണനാണയം ശരിയുത്തരം കണ്ടുപിടിക്കാൻ

കുളൂസുണ്ട്

'ജിമ്മി' ന്റെ ആഗോള നിക്ഷേപക സമ്മേളനത്തിന്റെ പിറ്റേദിവസത്തെ...... പത്രത്തിൽ തലക്കെട്ടിനു താഴെയുള്ള വരികൾക്കിടക്ക് വായിച്ചു നോക്കുക.

* * * *

ഇപ്പോഴും വിരിയുന്ന ഓണപ്പൂക്കളേ....
നിങ്ങൾ ഞങ്ങൾക്ക് മാപ്പു തരിക.....

*ഗോവിന്ദാലയം, പള്ളിപ്പുറം, പട്ടാമ്പി*

